2005 സെപ്തംബർ 11-ാം തീയതി വല്ലാർപാടം ദേശീയ തീർത്ഥാടന ബസിലിക്കയിലേക്കുള്ള തീർത്ഥാടനത്തോടനുബന്ധിച്ചു അന്നേ ദിവസം ഉച്ചതിരിഞ്ഞ് നമ്മുടെ ദൈവാലയങ്ങളിൽ തിരുക്കർമ്മങ്ങൾ നടത്താൻ പാടില്ലാത്തതാകുന്നു. കുടുംബയൂണിറ്റു വാർഷീകങ്ങളും മറ്റു പരിപാടികളും മാറ്റി വയ്ക്കുകയും എല്ലാവർക്കും തീർത്ഥാടനത്തിൽ പങ്കുചേരുവാൻ അവസരമൊരുക്കുകയും ചെയ്യണം. എല്ലാ ഇടവകകളിൽ നിന്നും സന്യാസ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാവരും തീർത്ഥാടനത്തിൽ പങ്കെടുക്കണം.

തുടർന്നും വല്ലാർപാടത്തമ്മയുടെ സന്നിധിയിലേക്ക് ഇടവക തലത്തിലും സംഘടനാതലത്തിലും തീർത്ഥാടനങ്ങൾ നടത്തുവാൻ നമുക്കു ശ്രമിക്കാം. പരിശുദ്ധ അമ്മയുടെ സവിശേഷമായ അനുഗ്രഹങ്ങൾ ചൊരിയുന്ന വല്ലാർപാടത്തേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2005 ആഗസ്റ്റ് 19-ാം തീയതി.

എറണാകുളം ✠ ***ഡാനിയേൽ അച്ചാരുപറമ്പിൽ***
19.08.2005 വരാപ്പുഴ മെത്രാപ്പോലീത്ത

N.B. ഈ സർക്കുലർ 2005 ആഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

Printed and Published by Fr. Jose Chelangara
Vimala Social Service Centre, Kakkanad - 21

# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. XXXIX AUGUST 19, 2005 NO. 12

## CIRCULAR - 20

## വല്ലാർപാടം തീർത്ഥാടനം

2005 സെപ്തംബർ 11-ാം തീയതി ഞായറാഴ്ച വല്ലാർപാടത്തമ്മയുടെ പക്കലേക്കുള്ള തീർത്ഥാടന ദിനമാണ്. പരിശുദ്ധ അമ്മയുടെ വത്സല മക്കളായ നാം അമ്മയോടു ചേർന്നുനിന്നുകൊണ്ട് പിതാവായ ദൈവത്തിനു കൃതജ്ഞതാബലിയർപ്പിക്കേണ്ട പുണ്യദിനം.

**"എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു"**

പരിശുദ്ധ കന്യകാമറിയം തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിച്ച അവസരത്തിൽ ആലപിച്ച സ്തോത്രഗീതത്തിലെ വരികൾ എന്റെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്നു. " എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നുന്നു." വലിയ കൃപയുടെ സമൃദ്ധിയാണ്

ഈ കഴിഞ്ഞ കുറച്ചുനാളുകളായി വല്ലാർപാടത്തമ്മയിലൂടെ നമുക്കു ലഭിച്ചു കൊണ്ടിരിക്കുന്നത്.

വല്ലാർപാടത്തമ്മയുടെ പക്കലേക്കുള്ള ആദ്യത്തെ തീർത്ഥാടനത്തിനുശേഷം ഇന്നുവരെ നാം അനുഭവിച്ചറിഞ്ഞ അത്ഭുതകരമായ അനുഗ്രഹങ്ങൾ നിരവധിയാണ്.

ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ വല്ലാർപാടം ദേശീയ തീർത്ഥാടന കേന്ദ്രത്തെ 'ബസിലിക്ക' പദവിയിലേക്കുയർത്തി.

പരിശുദ്ധ വല്ലാർപാടത്തമ്മയുടെ പക്കലേക്കുള്ള യാത്രാസൗകര്യം അത്ഭുതകരമായി നമുക്കു ലഭിച്ചു.

സുനാമി ദുരന്തം നമ്മുടെ തീരങ്ങളിൽ കരിനിഴൽ പരത്തിയെങ്കിലും അനേകം പാവപ്പെട്ട മനുഷ്യർക്ക് താങ്ങും തണലുമാകാൻ നമുക്കു സാധിച്ചു.

ഈ കഴിഞ്ഞ ആറു മാസത്തിനകം വൈപ്പിൻ കരയിൽ മുന്നൂറോളം പുതിയ വീടുകൾ നിർമ്മിച്ചു താക്കോലുകൾ കൈമാറി.

വല്ലാർപാടത്തെ കേന്ദ്രീകരിച്ചു അത്ഭുതകരമായ മാറ്റങ്ങൾ ചുരുങ്ങിയ കാലയളവിൽ സംഭവിച്ചിട്ടുണ്ട്.

പ്രതിസന്ധികൾക്കു നടുവിലും ക്ഷമയോടും സമചിത്തതയോടും പ്രവർത്തിച്ച റെക്ടർ പെരിയ ബഹുമാനപ്പെട്ട ഫാ. പോൾ തുണ്ടിയിലച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തെ സഹായിക്കുന്ന വെരി. റവ. ഫാ. ജെറോം ചമ്മണികോടത്തിനെയും റവ. ഫാ. ജോസ് പടിയാരംപറമ്പിലിനെയും പ്രത്യേകം അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രിയ ബഹു. വൈദികരെയും ആത്മായ സഹോദരങ്ങളെയും കൃതജ്ഞതാപൂർവ്വം ദൈവസന്നിധിയിൽ അനുസ്മരിക്കുന്നു.

**എന്താണ് തീർത്ഥാടനം?**

ത്യാഗത്തോടെ പ്രാർത്ഥനാപൂർവ്വം നാം വിശുദ്ധ സ്ഥലത്തേക്കു നടത്തുന്ന യാത്രയാണ് തീർത്ഥാടനം. നിയതമായ ഒരുക്കം ആവശ്യ



മാണ്. സെപ്തംബർ 1-ാം തീയതി മുതൽ നോമ്പെടുത്ത് കുമ്പസാരിച്ച് ഒരുങ്ങി നാം നടത്തുന്ന ആത്മവിശുദ്ധീകരണത്തിന് അത്ഭുതകരമായ ഫലങ്ങൾ ഉളവാക്കുവാൻ കഴിയും. കുടുംബയൂണിറ്റുകൾ മുഖേനയും ഭക്തസംഘടനകൾ വഴിയും പൊതുവായി ഒരുങ്ങിവരുന്നതിലൂടെ കൂടുതൽ അനുഗ്രഹങ്ങൾ നമുക്ക് സിദ്ധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു വിനോദയാത്രപോലെയോ ശക്തിപ്രകടനമോ ആയി മാററുത്. തികച്ചും ആത്മീയ ചൈതന്യം വിതറുന്ന അനുഭവമാകാൻ എല്ലാവരും സഹകരിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണം.

**2005 സെപ്തംബർ 11.**

മൂന്നുമണിക്ക് ഗോശ്രീപാലങ്ങളുടെ ഇരുഭാഗങ്ങളിലുമായി (വൈപ്പിനിൽ വല്ലാർപാടം ജംഗ്ഷനിലും, എറണാകുളത്ത് ഇൻഫന്റ് ജീസസ്സ് സ്ക്വയറിലും) പ്രത്യേകം ഒരുക്കിയിരിക്കുന്ന സ്ഥലത്തു നിന്നും തീർത്ഥയാത്രയാരംഭിക്കുന്നു. ജപമാലയർപ്പണത്തോടും ഗാനാലാപനങ്ങൾക്കും മുഖരിതമായ അന്തരീക്ഷത്തിൽ തീർത്ഥാടനം നടത്തുന്നു.

4.30-ന് വല്ലാർപാടം ദേശീയതീർത്ഥാടനകേന്ദ്ര ബസിലിക്കയിൽ വച്ച് കൃതജ്ഞതാ ബലിയർപ്പിക്കുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്തരും അത്മായരും ഒരുമിച്ച് ചേർന്ന് ബലിയർപ്പിക്കുന്നു. തുടർന്ന് എല്ലാ വൈദികരെയും സന്യസ്തരെയും ഭക്തജനങ്ങളെയും വല്ലാർപാടത്തമ്മയ്ക്ക് സമർപ്പിച്ചു പ്രത്യേകപ്രാർത്ഥനകൾ നടത്തുന്നു.

വല്ലാർപാടത്തമ്മയുടെ ദേശീയ തീർത്ഥാടനകേന്ദ്ര ബസിലിക്കയിലേക്ക് ധാരാളം ഭക്തജനങ്ങൽ വരുന്നുണ്ട്. അവർക്കുവേണ്ടി പല സൗകര്യങ്ങളും നാം ഒരുക്കുന്നുണ്ട്. ഇനിയം കുറെയേറെ കാര്യങ്ങൾ ചെയ്തു തീർക്കുവാനുണ്ട്. ധാരാളം പണചിലവുള്ള കാര്യങ്ങളായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി കഴിവുള്ളവർ ഉദാരമായ സംഭാവനകൾ നൽകുമല്ലോ.